ഐ. എസ്. എം. ഡിപ്പാർട്ട്മെന്റിലെ സീനിയോറിട്ടി പുനഃസ്ഥാപിച്ചു കിട്ടാൻ നടപടി

140 [1667] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എസ്. ആർ-ലെ റൂൾ 28 (ബി. ബി. ബി.) പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിട്ടി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിലെ ആയുർവേദ ഡയറക്ടറേറ്റ്, ഹെൽത്ത് സർവ്വീസസ്, ഹോമിയോ വകുപ്പുകളിൽ തർക്കങ്ങൾ പരിഹരിക്കപ്പെടാതിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഐ. എസ്. എം. ഡിപ്പാർട്ട്മെന്റിൽ 16-9-1985 തീയതി വച്ച് മുൻകാല പ്രാബല്യത്തിൽ നടപ്പിലാക്കിയ 1 : 1 പ്രൊമോഷൻ എത്ര പേർക്ക് ലഭിച്ചിരുന്നു; എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്; ഉത്തരവ് ഏത് രീതിയിലാണ് പുറപ്പെടുവിച്ചത്;

(ഡി) എസ്.സി./എസ്.ടി ജീവനക്കാർക്ക് അനുവദനീയമായ ടെസ്റ്റ് ഇളവ് നൽകി പിൽക്കാലത്ത് എത്ര പേരെ കൂടി പ്രൊമോട്ട് ചെയ്തു; വിശദാംശം നൽകുമോ;

(ഇ) ഇപ്രകാരം പ്രൊമോഷൻ നൽകിയതിനെ തുടർന്ന് എത്രപേരെ റിവർട്ട് ചെയ്യുകയുണ്ടായി; ഇല്ലെങ്കിൽ റിവർട്ട് ചെയ്യാതിരുന്നത് എന്തുകൊണ്ട്;

(എഫ്) സീനിയോറിട്ടി പുനഃസ്ഥാപിച്ചുനൽകുന്നതിന് എത്രപേർ ആവശ്യപ്പെട്ടിട്ടുണ്ട്; അപേക്ഷപരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ജി) പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ജൂലൈ 1985-ലെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടും ആയതു പരിഗണിക്കാതിരിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(എച്ച്) അവസാന പരിക്ഷയുടെ തീയതിവച്ച് ക്വാളിഫൈഡ് ആയി കണക്കാക്കാമെന്ന ചട്ടം പാലിച്ച് സീനിയോറിട്ടി പുനഃസ്ഥാപിച്ചു നൽകാൻ വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആയുർവ്വേദവകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയിൽ തർക്കങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(സി) 24 പേർക്ക് പ്രൊമോഷൻ നൽകി. 24 ഒഴിവു ഉണ്ടായിരുന്നു. ഉത്തരവ് 18-12-85 ലാണ് പുറപ്പെടുവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 4 പേരെ കൂടി പ്രൊമോട്ടുചെയ്തു. 7-4-86-ലെ ഇ3-19961/85/ഡി.ഐ. എസ്. എം. പ്രകാരം ടെസ്റ്റ് ഇളവ് നൽകിയാണ് പ്രമോഷൻ നൽകിയത്.

(ഇ) വേക്കൻസി ഉണ്ടായിരുന്നതിനാൽ ആരെയും റിവർട്ട് ചെയ്തിരുന്നില്ല.

(എഫ്) രണ്ടുപേർ ആവശ്യപ്പെട്ടിരുന്നു. പരാതി പരിഗണിക്കപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ നടന്നുവരുന്നതി നാലാണ് കാലതാമസം നേരിടുന്നത്.

(ജി) ഏതു റിസൾട്ട് എന്ന് വ്യക്തമാക്കാത്തതിനാൽ മറുപടി നൽകാൻ കഴിയുന്നില്ല.

(എച്ച്) ഏതു പരീക്ഷയെന്ന് വ്യക്തമാകാത്തതിനാൽ മറുപടി നൽകാൻ കഴിയുന്നില്ല.

മഞ്ഞപ്പിത്ത രോഗത്തിനെതിരെ സ്വീകരിച്ച നടപടികൾ

141 [1668] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ഞപ്പിത്തരോഗം ബാധിച്ച് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) രോഗം ബാധിച്ചവരായി ഓരോ ജില്ലയിൽ നിന്നും എത്ര കേസ്സുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) രോഗപ്രതിരോധത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 58 പേർ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) മഞ്ഞപ്പിത്തരോഗം നിയന്ത്രണവിധേയമാക്കുന്നതിലേക്കായി താഴെപ്പറയുന്ന പ്രതിരോധനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

2004-2005-ൽ 1,87,208 കിണറുകൾ ക്ലോറിൻ തളിച്ച് ശുചിയാക്കുകയുണ്ടായി. ഈ നടപടി തുടർന്നുവരികയാണ്. ഹോട്ടലുകളിലും മറ്റ് ഭക്ഷ്യ സംഭരണ സ്ഥാപനങ്ങളിലും ക്ലോറിൻ ഗുളികകൾ ജലസംഭരണികളിൽ നിക്ഷേപിക്കുന്നതിനായി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഫീൽഡ് ജീവനക്കാർ 2004-2005-ൽ 2,77,572 വീടുകൾ

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly